**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ**
**17.07.2024 –ലെ യോഗത്തിന്റെ നടപടിവിവരം**

## ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| **3** | **പൊതുവിഷയം** | 1 |
| 3.1 | ഖാദി സഹകരണ സംഘങ്ങൾക്ക് ധനസഹായം | 1 |
| 3.2 | തുടർസാക്ഷരതാ പ്രവർത്തനം | 2 |
| **4** | **പ്രത്യേക വിഷയം** | 2 |
| 4.1 | മിൽമ കാലിത്തീറ്റ നൽകുന്നതിന് സബ്സിഡി | 2 |
| 4.2 | തടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് – കേരളശ്രീ ആയുർവേദിക്സ് | 3 |
| 4.3 | പുറക്കാട് ഗ്രാമപഞ്ചായത്ത് | 3 |
| 4.4 | പുന്നയൂർകുളം ഗ്രാമപഞ്ചായത്ത് | 4 |
| 4.5 | പൊന്മള ഗ്രാമ പഞ്ചായത്ത് | 4 |
| 4.6 | തുറയൂർ ഗ്രാമപഞ്ചായത്ത് | 5 |
| 4.7 | ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 5 |
| 4.8 | പോത്തുകല്ല് ഗ്രാമപഞ്ചായത്ത് | 6 |
| 4.9 | കരവാളൂർ ഗ്രാമപഞ്ചായത്ത് | 6 |
| 4.10 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 7 |
| 4.11 | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | 7 |
| 4.12 | കോടശ്ശേരി ഗ്രാമപഞ്ചായത്ത് | 8 |
| 4.13 | പന്തളം ബ്ലോക്ക് പഞ്ചായത്ത് | 8 |
| 4.14 | താനാളൂർ ഗ്രാമപഞ്ചായത്ത് | 9 |
| 4.15 | പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | 9 |
| 4.16 | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് | 10 |
| 4.17 | കൃഷി വകുപ്പ് | 11 |

No./400/2024/SRG/LSGD/CC(2)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.07.2024 ന നടന്ന യോഗത്തിന്റെ നടപടികുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സംസ്ഥാന ആസൂത്രണ ബോർഡ് 'സമൃദ്ധി' ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. സാധാരണ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ക്രമനമ്പർ ഒന്നായി ഉൾപ്പെടുത്തുന്ന പദ്ധതി അവലോകനവും രണ്ടായി ഉൾപ്പെടുത്തുന്ന മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങളും ഇന്നത്തെ യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ക്രമനമ്പർ 3, 4 ആയി വരുന്ന പൊതു വിഷയങ്ങൾ, പ്രത്യേക വിഷയങ്ങൾ എന്നിവയാണ് ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**3. പൊതു വിഷയം**

==================

**3.1 ഖാദി സഹകരണ സംഘങ്ങൾക്ക് ധനസഹായം**

വികേന്ദ്രീകൃതാസൂത്രണ സബ്സിഡി – ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022-ലെ 115/2022/തസ്വഭവ – ഖണ്ഡിക 6.10 ഇ) കാർഷിക, വ്യവസായ, കൈത്തറി ഖാദി, കയർ, പട്ടികജാതി പട്ടികവർഗ്ഗ വനിതാ സഹകരണസംഘങ്ങൾക്ക് താഴെപ്പറയുന്ന നിബന്ധന യോടെയാണ് ധനസഹായം നൽകാവുന്നത്

(I) സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിർമ്മാണങ്ങൾക്ക് പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ 50 ശതമാനം (പരമാവധി 15.00 ലക്ഷം രൂപ) ധനസഹായം നൽകാം.

(II) തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് കെട്ടിട നിർമ്മാണമെങ്കിൽ പ്രോജക്ട് പ്രകാരമുള്ള മൊത്തം മെഷർമെന്റ് തുക നൽകാം.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022 -ലെ യോഗ തീരുമാന പ്രകാരം ഇനി പറയുന്നവകൂടി കൂട്ടിച്ചേർത്തിരുന്നു. "ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി-ഗ്രാമവ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും 100 ശതമാനം സബ്സിഡി നൽകാവുന്നതാണ്." 100 ശതമാനം സബ്സിഡി നൽകുമ്പോൾ ഉയർന്ന പരിധി ബാധകമാണോ എന്നതു സംബന്ധിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വ്യക്തത കുറവുണ്ട് എന്നു യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം വ്യക്തത വരുത്തുന്നു.

ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി വ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി-വ്യാവസായ കെട്ടിട നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും ആകെ ചെലവിന്റെ 50 ശതമാനം നിരക്കിൽ പരമാവധി 30 ലക്ഷം രൂപ സബ്സിഡി നൽകാവുന്നതാണ്. ഖാദി യൂണിറ്റുകൾക്ക് മാത്രമാണ് ഈ നിരക്ക് ബാധകം ഇത് മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കാൻ തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 3.2 തുടർ സാക്ഷരതാ പ്രവർത്തനം

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം [19.04.2022–ലെ 84/2022/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 8.6(17)] സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ആസൂത്രണ ധനസഹായ/സബ്സിഡി മാർഗ്ഗരേഖ പ്രകാരം (28.05.2022–ലെ 115/2022/തസ്വഭവ ഉത്തരവ് ഖണ്ഡിക 7.4.5) തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള പ്രോജക്ടുകൾ എല്ലാതലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ അനുമതിയുണ്ട്. ഈ സാഹചര്യത്തിൽ തുടർസാക്ഷരതാ പ്രവർത്തനത്തിനുള്ള പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണോ എന്ന് സ്പഷ്ടീകരണം നൽകണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇത് യോഗം പരിശോധിച്ച് താഴെപ്പറയും പ്രകാരം വ്യക്തത വരുത്തുന്നു.

സബ്സിഡി ധനസഹായ മാർഗ്ഗരേഖ (28.05.2022–ലെ 115/2022/തസ്വഭവ ഖണ്ഡിക 7.4.5) യിൽ പറയും പ്രകാരം തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് സഹായകരമായ പ്രോജക്ടുകൾ എല്ലാ തലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാമെന്ന് വ്യക്തത വരുത്തുന്നു.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |
|---|---|

### 4. പ്രത്യേക വിഷയം

==================

### 4.1 മിൽമ കാലിത്തീറ്റ നൽകുന്നതിന് സബ്സിഡി

**ബഹു.കൃഷിവകുപ്പ് മന്ത്രിയുടെ 11.06.2024–ലെ 1099/N/M/Agri/24–ാം നമ്പർ കത്തും വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ ചേർന്ന് നൽകിയ കത്തും (SRG/548/24)**

**വിഷയം:–** ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ മിൽമ കാലിത്തീറ്റ നൽകുന്നത് സംബന്ധിച്ച്

മിൽമ സൊസൈറ്റി വഴി ക്ഷീര കർഷകർക്ക് കാലിത്തീറ്റ നൽകുന്നുണ്ട്. ഇത്തരം സൊസൈറ്റികളിൽ 50 ശതമാനം മിൽമ കാലിത്തീറ്റ എടുക്കണമെന്നും തദ്ദേശഭരണസ്ഥാപനങ്ങൾ നൽകുന്ന മിൽമ കാലിത്തീറ്റ സബ്സിഡി മുൻകാലങ്ങളിലെപ്പോലെ മുടക്കം കൂടാതെ നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്

**തീരുമാനം :–** കറവപശുകൾക്ക് കാലിത്തീറ്റയ്ക്കുള്ള സബ്സിഡി നൽകുന്നത് മാർഗ്ഗരേഖയിൽ ഒഴിവാക്കിയിട്ടില്ല. സബ്സിഡി–ധനസഹായ മാർഗ്ഗരേഖപ്രകാരം (28.05.2022 ലെ 115/2022/തസ്വഭവ ഖണ്ഡിക 6.3.16) ക്ഷീര സഹകരണസംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി കേരള ഫീഡ്സ് കാലിത്തീറ്റയും മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയും വാങ്ങാൻ അനുമതിയുണ്ടെന്ന് യോഗം നിരീക്ഷിച്ചു. മാർഗ്ഗരേഖയിലെ പ്രസക്തമായ ഈ വിവരം ബഹു.കൃഷിവകുപ്പ് മന്ത്രിയുടെ ഓഫീസിനെ അറിയിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |
|---|---|

## 4.2 തട്ടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് – കേരളശ്രീ ആയുർവേദിക്സ്

**തട്ടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റിന്റെ 06.03.2024-ലെ കത്തും അനുബന്ധരേഖകളും (SRG/457/24)**

പാലക്കാട് ജില്ലയിലെ തട്ടുക്കശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ വ്യാവസായിക – കാർഷിക സംരംഭമാണ് കേരളശ്രീ ആയുർവേദിക്സ്. ഔഷധസസ്യതൈകൾ കർഷകർക്ക് വിതരണം ചെയ്ത് പാകമായ ഔഷധസസ്യങ്ങൾ ന്യായമായ സംഭരണ വില നൽകി തിരികെ വാങ്ങി കേരളശ്രീ ആയുർവേദിക്സ് ഔഷധങ്ങൾ നിർമ്മിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവേദ ആശുപത്രികളിലേയ്ക്ക് ഔഷധങ്ങൾ വാങ്ങുന്നതിന് 21.03.2023-ലെ 674/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ട്. ഇതിന്റെ കാലാവധി 13.03.2024-നു തീർന്നു. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദ) & ലൈസൻസിംഗ് അതോറിറ്റി 14.03.2024-ൽ ഈ സ്ഥാപനം ഉല്പാദിപ്പിക്കുന്ന മരുന്നുകളുടെ പേരുവിവരം ഉൾപ്പെടുത്തി ഡ്രഗ്സ് ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. (14.03.2024-ലെ ML3.323/2024/DC നമ്പർ Form 25-E). ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവേദ ആശുപത്രികളിലേയ്ക്ക് ഔഷധങ്ങൾ വാങ്ങുന്നതിനുള്ള അനുമതി 5 വർഷത്തേയ്ക്ക് പുതുക്കി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഡ്രഗ്സ് കൺട്രോളർ നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും സ്ഥാപനം സ്വന്തമായി ഉല്പാദിപ്പിക്കുന്നവയുമായ ഔഷധങ്ങൾ ഇന്നു മുതൽ 2 വർഷക്കാലത്തേക്ക് വകുപ്പിൽ പ്രാബല്യത്തിലുള്ള വിലയിൽ അധികരിക്കാതെ വാങ്ങാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

## 4.3 പുറക്കാട് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2024-ലെ കത്തും പുറക്കാട് പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറുടെ 15.09.2023 -ലെ 288/23-ാം നമ്പർ കത്തും (SRG/245/24 CC/852/23)**

വിഷയം:- ഗ്രാമപഞ്ചായത്തിന് KMML-ൽ നൽകിയ ആംബുലൻസ് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച്.

ആംബുലൻസ് സർവ്വീസിനുവേണ്ടി KMML -ൽ നിന്നും ഗ്രാമപഞ്ചായത്തിന് സൗജന്യമായി ഒരു വാഹനം ലഭിച്ചിരുന്നു. ഈ വാഹനം പാലിയേറ്റീവ് കെയർ ആവശ്യത്തിനും ആംബുലൻസ് സർവ്വീസിനുമായി HMC കൺവീനർ കൂടിയായ പുറക്കാട് മെഡിക്കൽ ഓഫീസർക്ക് കൈമാറിയെങ്കിലും ഇനി പറയുന്ന കാരണങ്ങൾ ചൂണ്ടിക്കാട്ടി പി.എച്ച്.സി.ക്ക് ആംബുലൻസ് ആവശ്യമില്ല എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

(i) ആംബുലൻസ് സർവ്വീസ് കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള വരുമാനം HMC ക്ക് ഇല്ല.

(ii) വലിയ വാഹനമായതിനാൽ ചെറിയ റോഡുകളിൽ കൂടി ഓടിക്കാൻ സാധിക്കുകയില്ല. അതിനാൽ പാലിയേറ്റീവ് കെയർ ആവശ്യത്തിന് ഈ വാഹനം അനുയോജ്യമല്ല,

(iii) ഈ PHCയിൽ OP സൗകര്യം മാത്രമേയുള്ളൂ. അതിനാൽ കിടത്തി ചികിത്സയ്ക്കായി രോഗികളെ അടിയന്തിരമായി ഈ ആശുപത്രിയിലേയ്ക്ക് കൊണ്ടുവരാറില്ല. ഒപ്പം ഇവിടെ നിന്ന് മറ്റാശുപത്രികളിലേയ്ക്ക് രോഗികളെ കൊണ്ടുപോകേണ്ട സാഹചര്യവും ഇല്ല

വാഹനം ലഭിച്ചിട്ട് ഒരു വർഷത്തോളമായി. ഈ രീതി തുടർന്നാൽ വാഹനം ഉപയോഗശൂന്യമാകും. അതിനാൽ ആംബുലൻസ് മേജർ ആശുപത്രിക്ക് കൈമാറി ഉപയോഗിക്കണമെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ ഈ ശുപാർശ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പരിഹാരമാർഗ്ഗം നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** KMML നെ അറിയിച്ചുകൊണ്ട് മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്ത പ്രകാരം പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുംവിധം അനുയോജ്യമായ മേജർ ആശുപത്രിക്ക് ആംബുലൻസ് കൈമാറുവാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**4.4 പുന്നയൂർകുളം ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.05.2024-ലെ കത്തും പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.12.2023-ലെ 10(1)-ാം നമ്പർ തീരുമാനവും പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.03.2024-ലെ SC 9731/23-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024-ലെ യോഗ തീരുമാനവും (SRG/458**/23)

**വിഷയം:-** കുടുംബാരോഗ്യ കേന്ദ്രത്തിൽ താല്ക്കാലികമായി നിയമിച്ച ഡോക്ടർക്ക് ശമ്പള കുടിശ്ശിക നൽകുന്നത് സംബന്ധിച്ച്

പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ അണ്ടത്തോട് കുടുംബാരോഗ്യകേന്ദ്രത്തിൽ 2019 ആഗസ്റ്റ് മാസം മുതൽ കരാറടിസ്ഥാനത്തിൽ ശ്രീമതി. അശ്വതി അശോക് എന്ന ഡോക്ടറെ നിയമിച്ചിട്ടുണ്ട്. ധനവകുപ്പിന്റെ കാലാകാലങ്ങളിലെ ഉത്തരവ് പ്രകാരം ഈ സമയത്ത് നിലനിന്നിരുന്ന വേതനത്തെക്കാൾ കുറഞ്ഞ വേതനമാണ് ഈ ഡോക്ടർക്ക് നൽകിയത്. (ധനവകുപ്പിന്റെ 09.07.2019-ലെ 81/2019/ ധന നമ്പർ ഉത്തരവും 11.02.2021-ലെ 29/2021/ധന നമ്പർ ഉത്തരവും) ഈ കാലഘട്ടത്തിലെ കുടിശ്ശിക വേതനം നല്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| കാലഘട്ടം | നൽകിയ വേതനം | ഇതേ കാലഘട്ടത്തിൽ ധനവകുപ്പിന്റെ ഉത്തരവ് പ്രകാരം നൽകാവുന്ന വേതനം | |
|---|---|---|---|
| 26.08.2019 മുതൽ 31.03.2020 | 41,000 രൂപ | 56,395 രൂപ | 01.07.2019 മുതൽ 01/02/2021 വരെ |
| 01.04.2020 മുതൽ 31.03.2021 | 51,600 രൂപ | 56,395 രൂപ | |
| 02.06.2021 മുതൽ 31.03.2022 | 51,600 രൂപ | 57,525 രൂപ | 01.02.2021 മുതൽ |
| 02.04.2022 മുതൽ 31.03.2023 | 51,600 രൂപ | 57,525 രൂപ | |
| 02.04.2023 മുതൽ 31.03.2024 | 57,525 രൂപ | 57,525 രൂപ | |

**തീരുമാനം :-** ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന് യോഗം തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**4.5 പൊന്മള ഗ്രാമ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2024-ലെ കത്തും അനുബന്ധരേഖകളും (SRG**/123/24 – **CC/56/24)**

**വിഷയം:-** പൊന്മള കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് വാഹനം വാങ്ങുന്നതു സംബന്ധിച്ച്

| *പ്രോ.നം:* 43/24 | ***അടങ്കൽ*** | *12,00,000 രൂപ (തനത് ഫണ്ട്)* |
|---|---|---|
| ***പേര്*** | **FHC പൊന്മളയിലേയ്ക്ക് വാഹനം വാങ്ങൽ** | |

പൊന്മള കുടുംബാരോഗ്യ കേന്ദ്രത്തിലെ വാഹനത്തിന് 31 വർഷം പഴക്കമുണ്ട്. കേന്ദ്ര സർക്കാരിന്റെ വാഹനങ്ങളുടെ പൊളിക്കൽ നയമനുസരിച്ച് ഇത് ഇപ്പോൾ ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമുണ്ട്. ഗ്രാമപഞ്ചായത്തിൽ കുത്തിവയ്പ്പ് പ്രോഗ്രാമിനും മറ്റ് ആരോഗ്യ പ്രവർത്തനത്തിനുമായി പുതിയ വാഹനം വാങ്ങാനുള്ള പ്രോജക്ട് കഴിഞ്ഞ വർഷം എടുത്തിരുന്നു. ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഈ ആവശ്യം ആരോഗ്യവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |
|---|---|

**4.6 <u>തുറയൂർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.പേരാമ്പ്ര എം.എൽ.യുടെ 11.06.2024-ലെ 91/24-ാം നമ്പർ കത്തും തുറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.06.2024-ലെ കത്തും (SRG/564/24)**

**വിഷയം:-** ഗവ.ആയുർവേദ ആശുപത്രിയിൽ ഫാർമസിസ്റ്റ് തസ്തിക ആരംഭിക്കണമെന്നതു സംബന്ധിച്ച്

തുറയൂർ ഗ്രാമപഞ്ചായത്തിൽ പാക്കനാർപുരം ഗവ. ആയുർവേദാശുപത്രി 1970-ൽ ആരംഭിച്ചതാണ്. ഇവിടെ നാളിതുവരെ ഫാർമസിസ്റ്റ് തസ്തികയില്ല. ആയുർവേദ മരുന്നുകളെ സംബന്ധിച്ച് പരിശീലനമൊന്നും ലഭിച്ചിട്ടില്ലാത്തവരാണ് മരുന്ന് വിതരണം ചെയ്യുന്നത്. അതിനാൽ പാക്കനാർപുരം ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ ഒരു ഫാർമസിസ്റ്റ് തസ്തിക അനുവദിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം ആയുർവേദ ഡയറക്ടറുടെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |
|---|---|

**4.7 <u>ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്</u>**

**സർക്കാരിന്റെ 27.06.2024-ലെ DA1/89/2024/തസ്വഭവ നമ്പർ കത്തും ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 29.02.2024-ലെ 5(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ ഖണ്ഡിക 4.4 തീരുമാനവും (SRG/649/24)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്ത് മുഖേന ഡയാലിസിസിനു ധനസഹായം നൽകുന്നത് സംബന്ധിച്ച്

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഡയാലിസിസ് ആവശ്യമുള്ള രോഗികൾക്ക് 2022-23 -ൽ ധനസഹായം നൽകിയിരുന്നു. ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുണ്ട് എന്നതു പരിഗണിച്ച് 22.01.2024-ൽ കോഓർഡിനേഷൻ കമ്മിറ്റി ഇതിന് സാധൂകരണം നൽകുകയും 2023-24-ൽ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകുകയും ചെയ്തിരുന്നു. ബ്ലോക്ക് പഞ്ചായത്തിലെ രണ്ട് സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ സേവനം കൂടി പദ്ധതി നിർവ്വഹണത്തിൽ പ്രയോജനപ്പെടുത്തി ഏകോപനം കാര്യക്ഷമമാക്കാം എന്നതിനാൽ ഇതേ രീതിയിൽ 2024-25 വർഷവും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഡയാലിസിസിന് നേരിട്ട് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ ഡയാലിസിസ് ചെയ്യാൻ സൗകര്യമുള്ളതിനാൽ ഈ പദ്ധതിയുടെ ഏകോപനം കുറച്ചുകൂടി കാര്യക്ഷമമാകും എന്നത് കൂടി പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു. ജില്ല/ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചാൽ ഇതുകൂടി ഉൾപ്പെടുത്തി വേണം ധനസഹായം നൽകേണ്ടത്. മാർഗ്ഗരേഖയിൽ പറയും പ്രകാരം ധനസഹായം ആശുപത്രിക്ക് നേരിട്ടാണ് നൽകുന്നതെന്ന് ഉറപ്പാക്കണം.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

## 4.8 പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

**പോത്തുകല്ല് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.06.2024-ലെ കത്തും പോത്തുകല്ല് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.06.2024-ലെ 10(1)-ാം നമ്പർ തീരുമാനവും (SRG/561/24)**

**വിഷയം:-** കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക് ഡോക്ടറെ നിയമിക്കുന്നത് സംബന്ധിച്ച്

പോത്തുകല്ല് ഗ്രാമപഞ്ചായത്തിൽ നിന്ന് ഒരു ഡോക്ടറെയും ഫാർമസിസ്റ്റിനെയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ നിയമിച്ചിരിക്കുന്ന ഡോക്ടറുടെ കാലാവധി 2024 ജൂൺ 30-ന് തീർന്നു. സർക്കാർ ഉത്തരവ് പ്രകാരം ഡോക്ടർമാരെ ജില്ലാതലത്തിൽ ജില്ലാകളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ ചെയ്തെടുക്കണം എന്നാണ്. എന്നാൽ ഇപ്പോൾ നിയമിച്ചിരിക്കുന്നവരുടെ കാലാവധി തീരുന്ന മുറയ്ക്ക് അവരെ തന്നെ പുതുക്കി നിയമിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** സർക്കാർ ഉത്തരവു പ്രകാരം ജില്ലാതലത്തിലുള്ള കമ്മിറ്റി പുതിയ ഡോക്ടറെ നിയമിക്കുംവരെ ഇപ്പോൾ നിയമിച്ചിരിക്കുന്ന ഡോക്ടറെ തുടരാൻ അനുമതി നൽകുന്നു. ഒപ്പം ഗ്രാമപഞ്ചായത്ത് ഭരണസമിതി 13.06.2024-ൽ എടുത്തിരിക്കുന്ന 10(1)-ാം നമ്പർ തീരുമാനപ്രകാരം ജില്ലാതല കമ്മിറ്റി മുഖേന ഡോക്ടറെ നിയമിക്കാനുള്ള നടപടി കാലതാമസം കൂടാതെ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ് .

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |
|---|---|

## 4.9 കരവാളൂർ ഗ്രാമപഞ്ചായത്ത്

**ബഹു.പുനലൂർ എം.എൽ.എയുടെ 08.08.2023-ലെ 749/PLR/2023-ാം നമ്പർ കത്തും കരവാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2023-ലെ JC2/3842/23-ാം നമ്പർ കത്തും ജലവിഭവ വകുപ്പിന്റെ 24.05.2023-ലെ 492/2023/WRD നമ്പർ സർക്കാർ ഉത്തരവും അനുബന്ധരേഖകളും (SRG/542/24 - DB1/380/2023/LSGD)**

**വിഷയം:-** ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്

ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള (KIP യുടെ) 3.59 ആർ സ്ഥലം ഗ്രാമപഞ്ചായത്തിന് ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് വിട്ട് നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ജലസേചന വകുപ്പിൽ തന്നെ നിലനിർത്തണമെന്ന വ്യവസ്ഥയടക്കമുള്ള നിബന്ധനയോടെയാണ് കെട്ടിടം വിട്ട നൽകുന്നത്. 218/6 സർവ്വേ നമ്പറായുള്ള നിർദ്ദിഷ്ട സ്ഥലം KIP സബ് എഞ്ചിനീയറുമായി കരാർ വച്ച് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോൾ ഹോമിയോ ആശുപത്രി പ്രവർത്തിച്ചുവരുന്ന KIP നിർമ്മിച്ച കെട്ടിടം ശോചനീയമായ അവസ്ഥയിലാണ്. ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ സ്ഥലത്ത് ഭൂമിയുടെ ഉടമസ്ഥതാവകാശം ജലവിഭവ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഹോമിയോ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

## 4.10 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 01.07.2024-ലെ P6-3342 /22-ാം നമ്പർ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 14.06.2024-ലെ 4(9)-ാം നമ്പർ തീരുമാനവും (SRG/651/24)**

**വിഷയം:-** ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ ആശുപത്രിയുടെ പരിപാലനത്തിന് പ്രത്യേക ധനസഹായം നൽകണമെന്നു സംബന്ധിച്ച്

ആരോഗ്യ കുടുംബക്ഷേമകാര്യ വകുപ്പിന്റെ 30.01.2024-ലെ 219/24/H/FWD നമ്പർ ഉത്തരവ് പ്രകാരം പത്തനംതിട്ട നഗരസഭയുടെ നിയന്ത്രണത്തിലുണ്ടായിരുന്ന പത്തനംതിട്ട ജനറൽ ആശുപത്രിയുടെ ഭരണ ചുമതല പത്തനംതിട്ട ജില്ലാ പഞ്ചായത്തിന് വിട്ടു നൽകിയിട്ടുണ്ട്. പത്തനംതിട്ട ജനറൽ ആശുപത്രിയുടെ ദൈനംദിന ചെലവുകൾക്കും ആശുപത്രി കെട്ടിടത്തിന്റെ മെയിന്റനൻസിനും കൂടുതൽ തുക വേണം. വൈദ്യുതി ചാർജ്ജ്, കുടിവെള്ള ചാർജ്ജ് ഇനങ്ങളിൽ 6.55 കോടി രൂപ കുടിശ്ശികയുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിന് ജനറൽ പർപ്പസ് ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ അധിക തുക അനുവദിക്കണമെന്നു സംബന്ധിച്ച്.

**തീരുമാനം :-** ഇത് ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ബി/എഫ്.എം) വകുപ്പ് |
|---|---|

## 4.11 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.03.2024-ലെ കത്തും കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.10.2023-ലെ CA/1/710/23 -ാം നമ്പർ കത്തും (SRG/392/24 - CC/826/2023)**

വിഷയം:- സ്കൂൾ കലാ-കായിക മേളയ്ക്ക് ധനസഹായം നൽകുന്നതിന് അനുമതി സംബന്ധിച്ച്

കാസർഗോഡ് ജില്ലയിലെ ജില്ലാതല സ്കൂൾ കായികമേള, ശാസ്ത്രമേള, കലാമേള എന്നിവ കഴിഞ്ഞ വർഷം ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി നടന്നു. പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്ന് അനുവദിക്കുന്ന തുകയും അദ്ധ്യാപകരിൽ നിന്ന് പിരിവെടുത്തു ലഭിക്കുന്ന തുകയുമാണ് ഈ മേളകൾക്ക് ഉപയോഗിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ മുകളിൽ പറഞ്ഞ ഓരോ മേളകൾക്കും 1.00 ലക്ഷം രൂപ വീതം ആകെ 3.00 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. കഴിഞ്ഞ വർഷം ഇതിനായി പ്രോജക്ട് ഏറ്റെടുത്തിരുന്നു. സാമ്പത്തിക വർഷം കഴിഞ്ഞാലും ഈ തുക നൽകാൻ ജില്ലാ പഞ്ചായത്ത് ഉദ്ദേശിക്കുന്നു.

**തീരുമാനം :-** ആവശ്യം നിരസിച്ചു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ് |
|---|---|

**4.12 <u>കോടശ്ശേരി ഗ്രാമപഞ്ചായത്ത്</u>**

**കോടശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.01.2024-ലെ കത്തും ശ്രീ.വിനോദ് കൊളത്തപ്പിള്ളിയുടെ 20.11.2023-ലെ കത്തും അനുബന്ധരേഖകളും (SRG**/550/24 )

**വിഷയം:-** അർബുദ ബാധിതയായ വിദ്യാർത്ഥിക്ക് പഠനാവശ്യത്തിന് ലാപ് ടോപ് നൽകുന്നത് സംബന്ധിച്ച്

കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലെ ശ്രീ.വിനോദ് കൊളത്തപ്പിള്ളിയുടെ മകൾ കുമാരി ശിവാനി +2 വിന് പഠിക്കുന്നു. ഈ വിദ്യാർത്ഥിക്ക് അർബുദബാധയെ തുടർന്ന് മജ്ജ മാറ്റി വച്ചു. തിരുവനന്തപുരം RCCയിലും മലബാർ ക്യാൻസർ സെന്ററിലുമായാണ് ചികിത്സ. ചികിത്സയെ തുടർന്ന് കണ്ണിന്റെ ഞരമ്പുകൾക്ക് ബലക്കുറവ് സംഭവിച്ചതിനാൽ പുസ്തകം വായിക്കാനോ മൊബൈൽ ഫോൺ ഉപയോഗിക്കാനോ കഴിവില്ല. ലാപ് ടോപ് ഉപയോഗിച്ച് പഠനം തുടരാൻ ഡോക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ധന കുടുംബമായതിനാലും ഭാരിച്ച ചികിത്സാ ചെലവ് വന്നതിനാലും ലാപ് ടോപ് സ്വന്തമായി വാങ്ങാൻ കഴിയില്ല. വിദ്യാർത്ഥി പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണ്. ഈ വിദ്യാർത്ഥിക്ക് ലാപ് ടോപ് വാങ്ങി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഗുരുതര രോഗത്തിനു ചികിത്സ തുടരുന്ന വിദ്യാർത്ഥി എന്നതു പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

**4.13 <u>പന്തളം ബ്ലോക്ക് പഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.05.2024-ലെ കത്തും അനുബന്ധരേഖകളും (SRG/437**/24 – **CC**/268/**24** )

**വിഷയം:-** തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി പഠിതാക്കൾക്ക് ഫീസ് നൽകുന്നത് സംബന്ധിച്ച്.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം [19.04.2022-ലെ 84/2022/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 8.6(17)] സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ആസൂത്രണ ധനസഹായ/സബ്സിഡി മാർഗ്ഗരേഖ പ്രകാരം (28.05.2022-ലെ 115/2022/തസ്വഭവ ഉത്തരവ് ഖണ്ഡിക 7.4.5) തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ആവശ്യമുള്ള പ്രോജക്ടുകൾ എല്ലാതലത്തിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ അനുമതിയുണ്ട്. ഈ സാഹചര്യത്തിൽ തുടർ സാക്ഷരതാ പ്രവർത്തനത്തിനുള്ള പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണോ എന്ന് സ്പഷ്ടീകരണം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. പന്തളം ബ്ലോക്ക് പഞ്ചായത്ത് 2023-24 വർഷം ഈ പ്രോജക്ട് ഏറ്റെടുത്തതിന് ഓഡിറ്റ് പരാമർശമുണ്ട്.

**തീരുമാനം:-** സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 7.4.5-ൽ പറയും പ്രകാരം തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് സഹായകരമായ പ്രോജക്ടുകൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്ന താണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**4.14 <u>താനാളൂർ ഗ്രാമപഞ്ചായത്ത്</u>**

**താനാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.06.2024-ലെ PRE - 23/2024 -ാം നമ്പർ കത്ത്** (SRG/537/24)

**വിഷയം:-** ഗ്രാമപഞ്ചായത്തിൽ കൗൺസിലറെ നിയമിക്കുന്നത് സംബന്ധിച്ച്

താനാളൂർ ഗ്രാമപഞ്ചായത്തിൽ ജെന്റർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനത്തിനായി ഒരു കോ ഓർഡിനേറ്ററെ നിയമിച്ചിട്ടുണ്ട്. ജെന്റർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനത്തോടൊപ്പം പ്രീമാരിറ്റൽ കൗൺസിലിംഗിന് ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു കൗൺസിലറെ നിയമിക്കേണ്ടതുണ്ട്. ഇതിനായി ഒരു മണിക്കൂറിന് 200 രൂപ പ്രകാരം ഒരു ദിവസം പരമാവധി 1000 രൂപ നൽകി കൗൺസിലറെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അധികമായി കോഓർഡിനേറ്റർ/കൗൺസിലറെ കൂടി നിയമിക്കാനുള്ള ആവശ്യം നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**4.15 <u>പള്ളിവാസൽ ഗ്രാമപഞ്ചായത്ത്</u>**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.06.2024-ലെ കത്തും പള്ളിവാസൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.02.2024-ലെ 1(8)-ാം നമ്പർ തീരുമാനവും (SRG/521/24 - CC/273/24)**

**വിഷയം:-** പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 84/24*** | ***അടങ്കൽ*** | ***16,00,000 രൂപ (എസ്.സി.പി)*** |
| ***പേര്*** | ***എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി*** | |

പള്ളിവാസൽ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജയഹരി ഒ.എസ്, ജയന്തി വിലാസം എന്ന ഡിഗ്രി വിദ്യാർത്ഥി 2022-23 വർഷം പഠനമുറി ലഭിക്കുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ഈ സമയത്ത് ഡിഗ്രിക്ക് പഠിക്കുന്നവർക്കും പഠനമുറി നൽകാമായിരുന്നു. ഗുണഭോക്താക്കൾ കൂടുതൽ ഉള്ളതു കൊണ്ട് ഈ വിദ്യാർത്ഥിക്ക് പഠനമുറി നൽകിയില്ല. അടുത്ത സാമ്പത്തിക വർഷം പഠനമുറി ലഭിക്കും എന്ന ധാരണയിൽ പഠനമുറി നിർമ്മാണം തുടങ്ങി. എന്നാൽ 28.03.2023-ലെ 738/2023/ തസ്വഭവ ഉത്തരവ് പ്രകാരം അഞ്ചാം ക്ലാസ്സ് മുതൽ പ്ലസ് 2 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ പഠനമുറി നൽകാൻ കഴിയൂ. ഈ കുടുംബത്തിൽ മറ്റൊരു വിദ്യാർത്ഥി പ്ലസ് 2 കഴിഞ്ഞ് എൻട്രൻസിനു തയ്യാറെടുക്കുകയാണ്. വീട്ടിൽ പഠന സൗകര്യം വളരെ കുറവാണ്. ഈ സാഹചര്യത്തിൽ പ്രത്യേക പരിഗണന നൽകി ഈ കുടുംബത്തിന് പഠനമുറിക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 2022-23 വർഷം തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി ആയതിനാൽ പ്രത്യേക അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

**4.16 <u>ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത്</u>**

**ബഹു.കയ്പമംഗലം എം.എൽ.എ.യുടെ 09.06.2024-ലെ കത്തും ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.06.2024-ലെ കത്തും (SRG/557/24)**

**വിഷയം:-** സ്കൂളുകളുടെ അറ്റകുറ്റപ്പണിക്ക് മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) ഉപയോഗിക്കുന്നത് സംബന്ധിച്ച്.

താഴെപ്പറയുന്ന സ്കൂളുകളുടെ അറ്റകുറ്റപ്പണിക്ക് മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) ഉപയോഗിക്കാൻ അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**(i)** ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന **GLPS** പനങ്ങാട് നോർത്ത് 1931-ൽ സ്ഥാപിച്ചതാണ്. സർക്കാർ സ്കൂൾ ആണെങ്കിലും രേഖകൾ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാണ്. യഥാർത്ഥ അവകാശികൾ ആരാണെന്ന് വ്യക്തമല്ലാത്തതിനാൽ വാടക ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകുന്നില്ല. ഈ സ്കൂളിൽ 35 വിദ്യാർത്ഥികളും 5 അദ്ധ്യാപകരുമുണ്ട്.

**തീരുമാനം :-** വിദ്യാർത്ഥികളുടെ സുരക്ഷ പരിഗണിച്ച് കെട്ടിടത്തിന്റെ അത്യാവശ്യ അറ്റകുറ്റപ്പണി നടത്തുന്നതിന് അനുമതി നൽകുന്നു.

**(ii)** ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിലെ GMLPS കോതപറമ്പ് 1924-ൽ സ്ഥാപിച്ചതാണ്. കോതപറമ്പ് മസ്ജിദിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വാടകയ്ക്കാണ് സ്കൂൾ പ്രവർത്തിക്കുന്നത്. എന്നാൽ ഉടമസ്ഥത സംബന്ധിച്ച് പള്ളികമ്മിറ്റിക്ക് വ്യക്തത വരുത്താൻ കഴിഞ്ഞിട്ടില്ല. ഈ സ്കൂളിൽ 30 വിദ്യാർത്ഥികളും 5 അദ്ധ്യാപകരും ഉണ്ട്. നേരത്തെ നൽകികൊണ്ടിരുന്ന വാർഷിക വാടക 3,600 രൂപയാണ്. ഈ സ്കൂളിന്റെ ഓഫീസ് ഭാഗം ദേശീയപാത 66 ന്റെ വികസനത്തിന്റെ ഭാഗമായി പൊളിച്ചപ്പോൾ ഉടമസ്ഥത സംബന്ധിച്ച് രേഖകൾ ഇല്ലാത്തതിനാൽ

നഷ്ടപരിഹാര തുക പള്ളിക്കമ്മിറ്റിക്ക് കൈപ്പറ്റാൻ കഴിഞ്ഞില്ല. ഇതോടൊപ്പം ഉടമസ്ഥത സംബന്ധിച്ച് രേഖകൾ ഇല്ലാത്തതിനാൽ ഇപ്പോൾ വാടക നൽകുന്നില്ല.

**തീരുമാനം :–** വിദ്യാർത്ഥികളുടെ സുരക്ഷിതത്വം കണക്കിലെടുത്ത് കെട്ടിടത്തിന്റെ അത്യാവശ്യ മെയിന്റനൻസ് നടത്താൻ അനുമതി നൽകുന്നു.

**(iii)** ഗ്രാമപഞ്ചായത്തിലെ 8–ാം വാർഡിൽ സ്ഥിതി ചെയ്യുന്ന GMLPS ആമണ്ടൂർ സ്കൂൾ 1925 ൽ സ്ഥാപിച്ചതാണ്. കോതപറമ്പ് ജുമാമസ്ജിദിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിൽ 38 വിദ്യാർത്ഥികളും 4 അദ്ധ്യാപകരുമുണ്ട്. വാർഷിക വാടക 28,644 രൂപ. അറ്റകുറ്റപ്പണിക്ക് വലിയ തുക വരും എന്നതിനാൽ പള്ളി കമ്മിറ്റി അറ്റകുറ്റപ്പണി നടത്തുന്നില്ല.

**തീരുമാനം :–** വിദ്യാർത്ഥികളുടെ സുരക്ഷയെ കണക്കാക്കി കെട്ടിടത്തിന്റെ അത്യാവശ്യ അറ്റകുറ്റപ്പണി നടത്താൻ അനുമതി നൽകുന്നു.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(എഫ്.എം/ഡി.ബി) വകുപ്പ്** |
|---|---|

### 4.17 <u>കൃഷി വകുപ്പ്</u>

**ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ 07.06.2024–ലെ 258/Min/Agri/2024–ാം നമ്പർ കത്ത് (SRG/549/24)**

**വിഷയം:–** പദ്ധതി ആസൂത്രണ, സബ്സിഡി–ധനസഹായ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച്

താഴെപ്പറയുന്ന വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു.

1. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ഏറ്റവും അടുത്ത തീയതിയിൽ കാർഷിക ഗ്രാമസഭകൾ സംഘടിപ്പിക്കുവാനുള്ള നിർദ്ദേശം നൽകണമെന്ന ആവശ്യം.
2. കാർഷിക സമഗ്ര ഇടപെടലിനായി സർക്കാർ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന **107** തദ്ദേശ സ്ഥാപനങ്ങളിലെ (സർക്കാർ ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കും) തരിശുഭൂമി ഏറ്റെടുത്ത് കൃഷിക്ക് യോഗ്യമാക്കുന്നതിനായി (യന്ത്രവത്കരണം ഉൾപ്പെടെ) ഒരു ഹെക്ടറിന് **1** ലക്ഷം രൂപ ക്രമത്തിൽ മാറ്റ പ്രോജക്ടിൽ (വാർഷിക പദ്ധതി ഭേദഗതി സമയത്ത്) ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകണം. കൂടാതെ ഈ തദ്ദേശഭരണസ്ഥാപനങ്ങളിൽ കാർഷിക മേഖലയിലെ ഉല്പാദനം**,** വിളവെടുപ്പ്**,** സ്റ്റോറേജ്**,** വിപണി എന്നിവ പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പദ്ധതികൾ കൃഷി വകുപ്പുമായി യോജിച്ച് നടപ്പാക്കുവാൻ നിർദ്ദേശം നൽകണമെന്ന ആവശ്യം.
3. കാർഷികമേഖലയിൽ ഉൽപാദന/ സേവന/ വിപണന–മൂല്യ വർദ്ധന മേഖലയിൽ രൂപീകരിച്ചിട്ടുള്ള കൃഷിക്കൂട്ടങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളുടെ പിന്തുണ ലഭ്യമാകും വിധം ബന്ധപ്പെട്ട മേഖലയിലെ കൃഷിക്കൂട്ടങ്ങളെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം.
4. കാർഷിക ആവശ്യങ്ങൾക്കായി വിവിധ വകുപ്പുകൾ മുഖേന വാങ്ങിയ കാർഷിക ഉപകരണങ്ങൾ ഉണ്ട്. ഇതിന്റെ കണക്കെടുപ്പ് കേരള സംസ്ഥാന യന്ത്രവത്കൃത മിഷൻ പരിശോധിച്ച് അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗിക്കാൻ സാധ്യമാകുന്നവയും ഉപയോഗ ശൂന്യമായവും എത്രയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണി സാധ്യമാകുന്ന കാർഷിക ഉപകരണങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങൾ/ അഗ്രോ സർവ്വീസ് സെന്ററുകൾ/ കൃഷിശ്രീ സെന്ററുകൾ എന്നിവയെ നടത്തിപ്പിനായി ഏൽപിക്കുകയാണെങ്കിൽ കാർഷിക മേഖലയിൽ യന്ത്രവത്കരണം പൂർണ്ണതോതിൽ എത്തിക്കുവാൻ സാധ്യമാകും. ഇവയുടെ അറ്റകുറ്റപ്പണിക്കായുള്ള തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ചിലവഴിക്കാനുള്ള അനുമതി.
5. സബ്സിഡി മാർഗ്ഗ നിർദ്ദേശം ക്രമ നമ്പർ **8** ൽ ചെറുകിട നാമമാത്ര കർഷകർ / കർഷക തൊഴിലാളി ഗ്രൂപ്പ് പാട്ടത്തിനെടുത്ത് കൃഷി ചെയ്യുകയാണെങ്കിൽ ഒരു ഹെക്ടറിന്

പാട്ട തുകയായി 2500 രൂപ സ്ഥല ഉടമയ്ക്ക് നൽകാം. കൃഷി കൂട്ടങ്ങൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുമ്പോഴും ഇതേ രീതിയിൽ സ്ഥല ഉടമയ്ക്ക് 2500 രൂപ നൽകാൻ അനുമതി.

6. സബ്സിഡി മാർഗ്ഗനിർദ്ദേശം ക്രമ നമ്പർ 11 കാർഷിക തൊഴിൽ സേനകൾക്കും, സമിതികൾക്കും, സംഘങ്ങൾക്കും സഹായം എന്നതിൽ 'കാർഷിക ഉത്പാദന സംഘടനകൾക്കും 'എന്നുകൂടി ഉൾക്കൊള്ളിക്കണമെന്ന ആവശ്യം.

7. ക്രമ നമ്പർ 13 – സോളാർ പമ്പ് പാടശേഖര സമിതികൾക്ക് നൽകുന്നതിന്റെ സബ്സിഡി 50 ശതമാനമായി ഉയർത്തണമെന്ന ആവശ്യം.

8. ക്രമ നമ്പർ 17– കാർഷിക സേവനങ്ങൾക്ക് സബ്സിഡി എന്ന ഇനത്തിൽ കാർഷിക കർമ്മ സേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവയ്ക്കൊപ്പം രജിസ്റ്റർ ചെയ്ത കൃഷിക്കൂട്ടങ്ങളേയും ഉൾപ്പെടുത്തണമെന്ന ആവശ്യം.

9. ക്രമ നമ്പർ 21 – പ്രദേശിക കാർഷിക ഉത്പ്പന്നങ്ങളുടെ വിപണന സംവിധാനം എന്ന ഇനത്തിൽ 'വിപണന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ' കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം.

10. ക്രമ നമ്പർ 24 റബ്ബർ തോട്ടത്തിൽ ഇടവിള കൃഷി നിലവിൽ പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ മാത്രമേ ഉൾപ്പെടുന്നുള്ളൂ. കാപ്പി, കൊക്കോ കൃഷികൾ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം.

11. ക്രമ നമ്പർ 28– കരിമ്പ് കൃഷി പ്രോത്സാഹന തുക നിലവിൽ ഹെക്ടറിന് **10,000** രൂപയാണ്. ഇത് **25,000** രൂപയാക്കണമെന്ന ആവശ്യം.

12. ക്രമ നമ്പർ 30,31 – പുഷ്പ കൃഷി ഇനത്തിൽ നാമമാത്ര/ ചെറുകിട കർഷകർ/ കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവയ്ക്കൊപ്പം "ഉത്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളേയും ഉൾപ്പെടുത്തണമെന്ന ആവശ്യം

13. ക്രമ നമ്പർ 34– അക്വാപോണിക്സ് ഇനത്തിൽ ഉത്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം.

14. ക്രമ നമ്പർ 35 – കണിക ജലസേചനം ഗ്രൂപ്പ് കൃഷിക്കും ബാധകമാക്കണമെന്ന ആവശ്യം

15. ക്രമ നമ്പർ 44 – പാടശേഖര സമിതികൾക്കും കാർഷിക സംഘങ്ങൾക്കും റിവോൾവിങ്ങ് ഫണ്ട് എന്നുള്ളതിൽ കൃഷിക്കൂട്ടങ്ങൾ കൂടി ഉൾപ്പെടുത്തണം. ഒപ്പം ഈ പദ്ധതി ബ്ലോക്ക് പഞ്ചായത്തിന് കൂടി ഏറ്റെടുക്കുവാൻ അനുമതി.

16. പഴം പച്ചക്കറികൾക്ക് താങ്ങുവില നൽകുവാൻ മുൻപ് അനുമതി നൽകിയിരുന്നു. എന്നാൽ ഇപ്പോഴത്തെ മാർഗ്ഗരേഖയിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടില്ല. കേരളത്തിലെ പഴം/പച്ചക്കറി കർഷകരെ സഹായിക്കുവാൻ 16 ഇനം പഴം/ പച്ചക്കറികൾക്ക് സർക്കാർ താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ട്. 2020 നവംബർ 1 മുതൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ ഇടപെടുന്ന 250 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് വിലയിലുണ്ടാകുന്ന വ്യത്യാസം കർഷകർക്ക് നൽകുവാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ഗ്യാപ്പ് ഫണ്ടിലേയ്ക്ക് നൽകാൻ അനുമതിയുണ്ടായിരുന്നു. എന്നാൽ ഈ നിർദ്ദേശം മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ല. ഇവ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം.

17. ഓപ്പൺ പ്രിസിഷൻ ഫാമിങ്ങ്, പ്രിസിഷൻ ഫാമിങ്ങ് എന്നിവയ്ക്ക് യൂണിറ്റ് കോസ്റ്റിന്റെ **90**

ശതമാനം വരെ ധനസഹായം ഉൾപ്പെടുത്തി വ്യക്തിഗത കർഷകർക്കും കർഷക ഗ്രൂപ്പിനും നൽകണമെന്ന ആവശ്യം.

**തീരുമാനം :-** കൃഷി ഡയറക്ടറുമായി ഇത് വിശദമായി ചർച്ച ചെയ്ത് ഓരോ വിഷയവും സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

യോഗം വൈകിട്ട് 4.30 ന് അവസാനിച്ചു.

**അനുബന്ധം**

<u>**യോഗത്തിൽ പങ്കെടുത്തവർ**</u>

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് & ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
5. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
6. സെക്രട്ടറി, ധനകാര്യം – റിസോഴ്സ് വകുപ്പ് (പ്രതിനിധി)
7. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
8. പ്രിൻസിപ്പൽ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണർ, തദ്ദേശസ്വയംഭരണവകുപ്പ്
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ഡയറക്ടർ പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
14. ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി
15. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
16. ചീഫ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി
17. ചീഫ് ടൗൺ പ്ലാനർ
18. ഡയറക്ടർ, MGNREGS
19. ചീഫ് എഞ്ചിനീയർ, KSEB (പ്രതിനിധി)
20. ഡയറക്ടർ, കൃഷി വകുപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (പ്രതിനിധി)